
# വൈദ്യനായ രാജാവ്: കേരളവർമ്മ കൊച്ചുണ്ണി തമ്പുരാനെക്കുറിച്ച്

കവിയോ സംഗീതജ്ഞനോ ആയ രാജാക്കന്മാരെപ്പറ്റി നമ്മൾ കേട്ടിട്ടുണ്ട്. എന്നാൽ, ചികിത്സകനായ രാജാവിനെപ്പറ്റി ഇന്ത്യാചരിത്രത്തിൽ രേഖപ്പെടുത്തി കാണുന്നില്ല.



**ക**വിയോ സംഗീതജ്ഞനോ ആയ രാജാക്കന്മാരെപ്പറ്റി നമ്മൾ കേട്ടിട്ടുണ്ട്. എന്നാൽ, ചികിത്സകനായ രാജാവിനെപ്പറ്റി ഇന്ത്യാചരിത്രത്തിൽ രേഖപ്പെടുത്തി കാണുന്നില്ല. ശ്രീലങ്കയിൽ ബുദ്ധമതാനുയായികളായ രാജാക്കന്മാരിൽ പലരും വൈദ്യന്മാർ കൂടിയായിരുന്നു. നാലാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ബുദ്ധദാസ എന്ന രാജാവ്[1] 'സാരാർത്ഥസംഗ്രഹയ' എന്ന വൈദ്യഗ്രന്ഥം തന്നെ രചിച്ചു. ഇത് ഇന്നും അവിടുത്തെ ആയുർവ്വേദക്കാർ ഉപയോഗിക്കുന്നുണ്ടത്രേ. പ്രസിദ്ധമായ ഗീതാഗോവിന്ദ(അഷ്ടപദി)ത്തിന്റെ കർത്താവ് ജയദേവകവിയുടെ പ്രോത്സാഹകനായി ലക്ഷ്മണസേനൻ എന്ന ഒരു ബംഗാൾ രാജാവുമുണ്ട്. ഇദ്ദേഹത്തെ വൈദ്യരാജാവ് എന്ന് പരാമർശിച്ച് കാണുന്നുണ്ടെങ്കിലും അത് ജാതിപ്പേരാണ്. എന്നാൽ നമ്മുടെ കേരളത്തിൽ, വൈദ്യം പഠിച്ച് രാജ്യം ഭരിക്കുമ്പോഴും ചികിത്സാവൃത്തിയിൽ ഏർപ്പെട്ടിരുന്ന ഒരു രാജാവുണ്ടായിരുന്നു. തൃപ്പൂണിത്തുറക്കാരുടെ ഓർമ്മയിൽനിന്നും ഇപ്പോഴും വിസ്മൃതനായിട്ടില്ലാത്ത അദ്ദേഹത്തെ മിടുക്കൻ തമ്പുരാൻ, വിഷവൈദ്യത്തമ്പുരാൻ എന്നൊക്കെയാണ് വിളിച്ചിരുന്നത്. ആ ചരിത്രപുരുഷനെ സമൂഹസ്മൃതിയിൽ നിലനിർത്താനാണ് ഈ എഴുത്ത്. രേഖകൾക്കൊപ്പം കേട്ടുകേൾവികൾക്കും പരിഗണന നൽകിക്കൊണ്ടാണ് ഈ ലേഖനത്തിന്റെ പോക്ക്.

മിടുക്കൻ തമ്പുരാന്റെ ശരിയായ പേര് കേരളവർമ്മ കൊച്ചുണ്ണി തമ്പുരാൻ (1863-1943) എന്നതാണ്. എഴുപത്തിയെട്ടാം വയസ്സിലാണ് 1941-ൽ അദ്ദേഹം രാജാവാകുന്നത്. രണ്ട് വർഷത്തിനുള്ളിൽ ദിവംഗതനാവുകയും ചെയ്തു. കൊച്ചി രാജകുടുംബത്തിലെ പടിഞ്ഞാറെ കോവിലകമാണ് തമ്പുരാന്റെ താവഴി. കാവുത്തമ്പുരാന്റേയും പനമന ഇല്ലത്തെ അഷ്ടമൂർത്തി കുട്ടൻനമ്പൂതിരിയുടേയും രണ്ടാമത്തെ പുത്രൻ. ചേട്ടൻ രാമവർമ്മ കുഞ്ഞിക്കിടാവു തമ്പുരാനും രാജാവായിരുന്നു (1914-1932). അതിനുശേഷം രാമവർമ്മ കുഞ്ഞുണ്ണിത്തമ്പുരാന്റേയും ഭരണകാലം (1932-1941) കഴിഞ്ഞാണ്, മിടുക്കൻ തമ്പുരാൻ അധികാരമേൽക്കുന്നത്. മറ്റൊരു കൊച്ചി രാജാവിനും ഇല്ലാത്ത രീതിയിൽ ഒരു വിളിപ്പേരും അദ്ദഹത്തിന് വന്നത് കുട്ടിക്കാലം മുതലേ ഉള്ളതത്രേ. പഠിക്കാൻ അതീവ സമർത്ഥനായിരുന്നു. ഒരിക്കൽ കോവിലകം സന്ദർശിച്ച പണ്ഡിതൻ കുട്ടിയുടെ അറിവ് മനസ്സിലാക്കി അത്ഭുതപ്പെട്ടത്രേ. പണ്ഡിതന്മാർ വായിച്ചു രസിച്ചിരുന്ന നൈഷധീയചരിതമെന്ന കാവ്യത്തിലെ വരികളാണ്, രാജകുമാരൻ ചൊല്ലി അർത്ഥം പറഞ്ഞത്. "മിടുക്കൻ, മിടുക്കൻ" എന്ന ആ പണ്ഡിതന്റെ ഉറക്കെയുള്ള അഭിനന്ദനമാണ് വിളിപ്പേരിന് കാരണമായതെന്ന് രാജകുടുംബത്തിലെ മുതിർന്ന അംഗങ്ങൾ പറയുന്നു. വളരെ ആകർഷകമായ രീതിയിൽ ഇംഗ്ലീഷും മിടുക്കൻ തമ്പുരാൻ കൈകാര്യം ചെയ്തിരുന്നു.

മിടുക്കൻ തമ്പുരാൻ രാജാവായതോടെ അതുവരെ ദിവാനായിരുന്ന (1935-1941) ഷണ്മുഖം ചെട്ടി സ്ഥാനമൊഴിഞ്ഞു.[2] പിന്നീടദ്ദേഹം ദേശീയ രാഷ്ട്രീയത്തിലേക്ക് നീങ്ങി. പൂതപ്പിള്ളി നീലകണ്ഠമേനോനെ ദിവാനാക്കണമെന്നായിരുന്നു തമ്പുരാന്റെ ആഗ്രഹം. അതിനായി ബ്രിട്ടീഷ് സർക്കാരുമായി എഴുത്തുകുത്തുകൾ നടത്തിയെങ്കിലും അവർ വഴങ്ങിയില്ല. 1800-ലുള്ള കരാറനുസരിച്ച് ദിവാന്റേയും മറ്റ് ഉയർന്ന ഉദ്യോഗസ്ഥന്മാരുടേയും നിയമനം, പുതിയ നികുതികളും നിയമങ്ങളും, ജീവപര്യന്തം തടവ്, വധശിക്ഷ, വലിയ മരാമത്ത് പണികൾ തുടങ്ങിയവയ്ക്ക് ബ്രിട്ടീഷ് സർക്കാരിന്റെ അനുവാദം വേണം. തുടർന്ന് തൃശൂരിലെ പ്രശസ്ത നിയമജ്ഞനായ കോമാട്ടിൽ അച്യുതമേനോൻ ദിവാനായി നിയമിക്കപ്പെട്ടു.

എന്നാൽ, നാല് മാസത്തിനു ശേഷം ഒരു ബ്രിട്ടീഷുകാരൻ (എ.എഫ്.ഡബ്ല്യു. ഡിക്സൻ) തന്നെ ആ സ്ഥാനത്തെത്തി.

ലോകമഹായുദ്ധം തന്നെയായിരുന്നു അതിന് സാഹചര്യം ഉണ്ടാക്കിയത്. 1939-ൽ തുടങ്ങിയ യുദ്ധത്തിന്റെ ഉച്ചാവസ്ഥ തന്നെയായിരുന്നു, അക്കാലം. ഓപ്പറേഷൻ ബാർബറോസ എന്ന പേരിട്ട ജർമനിയുടെ ശക്തമായ ബോംബാക്രമണം ബ്രിട്ടൻ നേരിടാൻ തുടങ്ങി. കുറച്ചു മാസങ്ങൾക്ക് ശേഷം ജപ്പാൻകാർ ബർമ്മയിലുമെത്തി. യുദ്ധസന്നദ്ധത അനിവാര്യമായി തോന്നിയ ബ്രിട്ടീഷുകാർ ആയുധം ശേഖരിച്ച് വെക്കുവാനായി കൊച്ചിയിൽ ബങ്കറുകളുണ്ടാക്കി.3 സ്വാതന്ത്ര്യസമരമാകട്ടെ, ഒരു പ്രത്യേക ഘട്ടത്തിലേക്ക് തിരിയുകയായിരുന്നു. ഹരിപുര സമ്മേളനത്തോടെ നാട്ടുരാജ്യങ്ങളിലേക്കും സമരം വ്യാപിപ്പിക്കാൻ കോൺഗ്രസ് തീരുമാനിച്ചു. ഇതെല്ലാം മുൻകൂട്ടി കണ്ടുകൊണ്ട് നാട്ടുരാജ്യങ്ങളിൽ വ്യക്തമായ നിയന്ത്രണം വേണമെന്നുള്ളതുകൊണ്ടാണ് ഒരു ബ്രിട്ടീഷ്കാരൻ തന്നെ ദിവാനായി വരുന്നത്.
കോളനിരാജ്യമായ ഇന്ത്യയും യുദ്ധത്തിന്റെ കെടുതികൾ ഏറെ അനുഭവിച്ചു. വറുതിയുടെ ആ കാലത്ത് കൊച്ചിരാജ്യത്തെ നയിച്ചതിന്റെ പേരിലാണ് മിടുക്കൻ തമ്പുരാൻ ഓർക്കപ്പെടുന്നത്.
കിരീടധാരണവേള(1941 മെയ് 23)യിൽ നൽകിയ സന്ദേശത്തിലും തമ്പുരാൻ യുദ്ധത്തെ പരാമർശിച്ചിരുന്നു- ഈ "ധർമ്മസമരത്തിൽ നീതിയുടേയും സ്വാതന്ത്ര്യത്തിന്റേയും പക്ഷത്തുതന്നെ വിജയം അനിവാര്യമായും സംഭവിക്കും." കിംവദന്തികളും പരിഭ്രാന്തിയും ഒഴിവാക്കി സത്യസന്ധമായ വാർത്തകൾ ജനങ്ങളിലെത്തിക്കാൻ കൊച്ചി സർക്കാർ ഔദ്യോഗികമായിത്തന്നെ സംവിധാനമൊരുക്കി. ഈ സെൻട്രൽ വാർ കമ്മിറ്റിയുടെ പ്രസിഡന്റ് ദിവാനും പബ്ലിസിറ്റി ഓഫീസർ തമ്പുരാന്റെ പുത്രനായ വി.കെ. കൃഷ്ണമേനോനുമായിരുന്നു. 1942 ജൂലൈ 27-ന് കൊച്ചി ലെജിസ്ലേറ്റീവ് കൗൺസിലിൽ ബജറ്റ് സമ്മേളനം ഉദ്ഘാടനം ചെയ്തുകൊണ്ട് ദിവാൻ ചെയ്ത പ്രസംഗത്തിൽ മഹായുദ്ധകാലത്തെ രാജ്യസ്ഥിതിയെ പരാമർശിച്ചു കാണാം. യുദ്ധത്തിന്റെ സാഹചര്യങ്ങളോടൊപ്പം മറ്റ് പല പ്രതികൂലാവസ്ഥകളും കൊച്ചിക്ക് അനുഭവിക്കേണ്ടിവന്നു. മെയ് 1941-ൽ ആഞ്ഞുവീശിയ കൊടുങ്കാറ്റിൽ ഒട്ടേറെ തെങ്ങുകൾക്ക് നാശം സംഭവിച്ചു. ജപ്പാൻകാർ ബർമ്മ ആക്രമിച്ചതോടെ അവിടെനിന്നുള്ള അരിയുടെ വരവും നിലച്ചു. ആ രാജ്യത്തിലേക്കുള്ള ചെമ്മീനിന്റെ കയറ്റുമതി നിന്നുപോയതും കൊച്ചിയുടെ വരുമാനത്തെ ബാധിച്ചു. അരിയുടെ ക്ഷാമം ബഹുമുഖമായ നടപടികളിലൂടെയാണ് രാജ്യം നേരിട്ടത്. തഞ്ചാവൂരിൽ നിന്നുള്ള ഇറക്കുമതിക്ക് പുറമെ തിരുവിതാംകൂറിന്റെ സഹായവും ഇക്കാര്യത്തിലുണ്ടായി. നെൽക്കൃഷി ഊർജ്ജിതമാക്കാൻ വേണ്ടി വിത്തും തൈകളും വിതരണം ചെയ്തു. ജന്മിമാരെ കൃഷിക്ക് പ്രേരിപ്പിക്കുകയും സർക്കാർ ഭൂമിപോലും പാട്ടത്തിനു നൽകുകയും ചെയ്തു.

റേഷൻ സമ്പ്രദായം ആരംഭിക്കുന്നതും ഈ സന്ദർഭത്തിലാണ്. അരിക്കും മണ്ണെണ്ണയ്ക്കും പഞ്ചസാരയ്ക്കും വിലനിയന്ത്രണം ഏർപ്പെടുത്തി. സാഹചര്യങ്ങൾ പ്രതികൂലമായിട്ടും ഉദ്യോഗസ്ഥന്മാർക്ക് വിലവർദ്ധനവിനെ നേരിടാൻ ക്ഷാമബത്ത നൽകാനും സർക്കാർ തീരുമാനിച്ചു. ഇരുപത്തഞ്ചു രൂപയോ അതിൽ താഴെയോ ശമ്പളമുള്ളവർക്ക് ഒരു രൂപയായിരുന്നു, ക്ഷാമബത്ത. അടുത്ത വർഷം അത് രണ്ടുരൂപയാക്കി.

ബ്രിട്ടന്റെ കീഴിലുള്ള നാട്ടുരാജ്യമെന്ന നിലയിൽ യുദ്ധത്തിൽ അവരെ തുണക്കേണ്ടത് ഒരു കർത്തവ്യമായി തമ്പുരാൻ കരുതി. ഇത്തരമൊരു അടിയന്തര സാഹചര്യം മൂലമാണ് സമൂഹം കഷ്ടപ്പാടുകൾ സഹിക്കേണ്ടിവരുന്നതെന്ന് മനസ്സിലാക്കി അത് ജനങ്ങളെ പറഞ്ഞ് മനസ്സിലാക്കാനും അദ്ദേഹം ശ്രമിച്ചു. ജനങ്ങൾ കഴിച്ചിരുന്ന അതേ റേഷൻ അരിയുടെ കഞ്ഞി തന്നെയാണ് രാജാവും കഴിച്ചിരുന്നതത്രേ. രാജകൊട്ടാരമായിരുന്ന ഹിൽപ്പാലസ്സിന് മുന്നിലെ പനിനീർ പൂന്തോട്ടം വെട്ടിമാറ്റി അവിടെ അദ്ദേഹം മരച്ചീനി കൃഷി തുടങ്ങി. ക്ഷാമകാലത്ത് ഭക്ഷണമാണ് ആവശ്യമെന്നായിരുന്നു രാജാവിന്റെ നിലപാട്.

കൊച്ചിയിലെ റേഷനിങ്ങ് വളരെ ചിട്ടയൊത്തതും അഴിമതിക്ക് ഇടം നൽകാത്തതുമായിരുന്നു. ഇക്കാര്യം 1950 മാർച്ച് 11-ലെ 'മലയാള മനോരമ' പത്രത്തിലെ 'നെല്ലെടുപ്പും റേഷനിങ്ങും - കൊച്ചിയിലെ വിജയപ്രദമായ രീതിയിൽ സാർവ്വത്രികമായി സ്വീകരിക്കണം' എന്ന ലേഖനത്തിൽ കാണാം. തിരുവിതാംകൂറും കൊച്ചിയും യോജിച്ചശേഷവും ഭരണസംവിധാനവും മറ്റും രണ്ടിടത്തും രണ്ടുരീതിയിൽ തന്നെ തുടർന്നുപോയിരുന്ന പശ്ചാത്തലത്തിലാണ് ഈ ലേഖനം സ്വന്തം ലേഖകൻ എഴുതിയിരിക്കുന്നത്. കൊച്ചിയിൽ റേഷൻ സമ്പ്രദായം ആരംഭിച്ചപ്പോൾ മുതലേ തന്നെയുള്ള കാര്യങ്ങൾ ഇതിൽ വിവരിക്കുന്നു. കർഷകർക്ക് കൃഷിച്ചെലവിനും കുടുംബാവശ്യങ്ങൾക്കും വേണ്ടിയിരുന്ന ന്യായമായ ചെലവ് അനുവദിച്ചുകൊണ്ടാണ്, ബാക്കിയുള്ള നെല്ല് മുഴുവൻ സർക്കാർ ഏറ്റെടുത്തിരുന്നത്. തിരുവിതാംകൂറിൽ ഇല്ലാത്ത ഒരു രീതിയാണ്, റേഷൻകാർഡുകാരൻ വാങ്ങുന്ന സാധനങ്ങളും അളവും കൃത്യമായി കാർഡിലും രജിസ്ട്രറിലും രേഖപ്പെടുത്തുക എന്നത്. കൊച്ചയിൽ ഇത് പാലിക്കപ്പെടുന്നുണ്ട്. അതുപോലെ കാർഡുകളുടെ സമൂലപരിശോധന സാധാരണ ഉദ്യോഗസ്ഥർക്കു പുറമെ രഹസ്യാന്വേഷണ ഇൻസ്പെക്ടർമാരും നടത്തുന്നുണ്ട്, കൊച്ചിയിൽ. തിരുവിതാംകൂറിലെ റേഷൻ സമ്പ്രദായം കരിഞ്ചന്തയും അഴിമതിയും നിറഞ്ഞതാണെന്ന് പറയുന്ന ലേഖനം സി.പി. രാമസ്വാമി അയ്യരേയും വിമർശിക്കുന്നുണ്ട്.
കൊച്ചിയിലെ രാഷ്ട്രീയരംഗവും ഇക്കാലത്ത് കലങ്ങിമറിഞ്ഞിരുന്നു. 1938-ൽ തന്നെ ജനാധിപത്യത്തിന് കുറച്ചൊരു ഇടം കൊടുത്തുകൊണ്ട് ദ്വിഭരണസമ്പ്രദായം തുടങ്ങിയിരുന്നു. തെരഞ്ഞെടുക്കപ്പെട്ട നിയമസഭയും രാജാവ് വിട്ടുകൊടുത്ത രണ്ടോ മൂന്നോ വകുപ്പുകൾ മാത്രം കയ്യാളുന്ന മന്ത്രിസഭയുമാണ് അതിന്റെ ഘടന. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ പ്രതിരൂപമായ കൊച്ചിൻ കോൺഗ്രസ്സും മറ്റൊരു

കക്ഷിയായ സ്റ്റേറ്റ് കോൺഗ്രസ്സുമായിരുന്നു, പ്രധാന രാഷ്ട്രീയകക്ഷികൾ. സഹജമായ ന്യൂനതകൾ നിമിത്തം ദ്വിഭരണസമ്പ്രദായം പരാജയപ്പെട്ടു. അതുകൊണ്ട് ഉത്തരവാദിത്തഭരണം ആവശ്യപ്പെടാനുള്ള നീക്കങ്ങൾ ഉണ്ടായി. എന്നാൽ, കൊച്ചിൻ കോൺഗ്രസ് ദ്വിഭരണസമ്പ്രദായത്തിനു വേണ്ടി നിലകൊണ്ടപ്പോൾ അതിൽനിന്നുമാറി വി.ആർ. കൃഷ്ണനെഴുത്തച്ഛന്റെ നേതൃത്വത്തിൽ രൂപീകരിച്ച സംഘടനയാണ്, കൊച്ചി രാജ്യ പ്രജാമണ്ഡലം. ഇതിന്റെ ഇരിങ്ങാലക്കുടയിൽ കൂടാനുള്ള ആദ്യ സമ്മേളനം തന്നെ നിരോധിക്കപ്പെട്ടു. പല നേതാക്കളും അറസ്റ്റ് ചെയ്യപ്പെട്ടിട്ടുകൂടി നിരോധനാജ്ഞയെ അതിജീവിച്ചുകൊണ്ട് സമ്മേളനം നടന്നു. ദിവസങ്ങൾക്കു ശേഷം ബഹുജന സമ്മർദ്ദത്തെത്തുടർന്ന് കൊച്ചി സർക്കാർ നിരോധനാജ്ഞ പിൻവലിച്ച് നേതാക്കളെ വിട്ടയച്ചു. 1942 ആഗസ്റ്റിൽ ക്വിറ്റ് ഇന്ത്യാ സമരത്തിന്റെ അലയൊളികൾ കൊച്ചിയിലുമുണ്ടായി. പ്രജാമണ്ഡലം തന്നെയാണ് ഈ പ്രക്ഷോഭത്തിലും മുന്നിട്ടു നിന്നത്. എറണാകുളം, മട്ടാഞ്ചേരി, തൃശൂർ തുടങ്ങി പലേടത്തും പ്രകടനങ്ങളും ലാത്തിച്ചാർജ്ജുമുണ്ടായി. 'സ്വതന്ത്രഭാരതം', 'സമരകാഹളം' തുടങ്ങിയ രഹസ്യ പ്രസിദ്ധീകരണങ്ങൾ ഇക്കാലത്തിറങ്ങി. കർശന നടപടികളോടെയാണ് ദിവാൻ ഡിക്സൺ ഇവയെ നേരിട്ടത്. ഇദ്ദേഹത്തിന്റെ എ.എഫ്.ഡബ്ല്യു എന്ന ഇനീഷ്യലുകൾക്ക് 'ഓൾ ഫോർ വാർ' എന്നാണ് നാട്ടുകാർ നൽകിയ വിശദീകരണം. സമരങ്ങളിലെ ഒരു പൊതു മുദ്രാവാക്യമായിരുന്നു 'ഡിക്സൺ ഗോ ബാക്ക്' എന്നത്.

ചികിത്സകനായിരുന്നു, മിടുക്കൻ തമ്പുരാൻ എന്ന് സൂചിപ്പിച്ചല്ലോ. എന്നാൽ, രാജകുടുംബത്തിന്റെ ഈ പാരമ്പര്യത്തിന്റെ തുടക്കക്കാരൻ 1914 -1932 കാലത്ത് രാജാവായിരുന്ന അദ്ദേഹത്തിന്റെ ജ്യേഷ്ഠൻ രാമവർമ്മയായിരുന്നു. ഈ രാജാവ് വിഷചികിത്സ പഠിച്ചത് തരണനെല്ലൂർ നമ്പൂതിരിയിൽ നിന്നാണെന്ന് ജീവചരിത്രത്തിൽ കാണുന്നു. അധികാരത്തിലേറിയതോടെ ഇദ്ദേഹം ചികിത്സ നിർത്തി. അതുവരെ സഹോദരന്മാർ ഒരുമിച്ചിരുന്നായിരുന്നു, ചികിത്സ. ദീർഘകാലം വൈദ്യവൃത്തിയിലേർപ്പെട്ടതുകൊണ്ട് ചികിത്സകൻ എന്ന പ്രശസ്തി മിടുക്കൻ തമ്പുരാന് തന്നെയായിരുന്നു. എങ്കിലും പലപ്പോഴും വൈദ്യസംബന്ധമായ സംശയങ്ങൾ അനുജൻ ജ്യേഷ്ഠനോട് ചോദിച്ച് നിവൃത്തിച്ചിരുന്നത്രേ.
ദിവാന്റെ ഉരുക്കുമുഷ്ടി തെളിഞ്ഞുകണ്ട മറ്റൊരു സന്ദർഭമാണ്, പൊലീസ് സമരം. ശമ്പളവർദ്ധനവിനു വേണ്ടി 1941 ആണ് കൊച്ചി പൊലീസ് സേനാംഗങ്ങൾ പണിമുടക്കിയത്. അന്ന് കൊച്ചിയിൽ തമ്പടിച്ചിരുന്ന പഞ്ചാബ് പൊലീസിനെ ഉപയോഗിച്ചാണ് ദിവാൻ സമരം അടിച്ചമർത്തിയത്. പൊലീസുകാർ പലരും ജയിലിലായി. നിരവധി പേർ പിരിച്ചുവിടപ്പെട്ടു.

ചെറുപ്പത്തിൽത്തന്നെ മിടുക്കൻ തമ്പുരാൻ ചികിത്സ പഠിച്ചിരുന്നിരിക്കാം. വിഷചികിത്സയായിരുന്നു, അദ്ദേഹം കൈകാര്യം ചെയ്തിരുന്ന മേഖല. കേരളീയ വിഷചികിത്സയുടെ ഉപജ്ഞാതാക്കളിൽ ഒരാളായ കൊക്കരെ നമ്പൂതിരിയുടെ അടുത്തുനിന്നാണ് രാജകുമാരൻ പഠിച്ചത്. ഒപ്പം പഠിക്കാൻ മൂന്ന് പേർകൂടി ഉണ്ടായിരുന്നു. പടുതോൾ, മുല്ലപ്പള്ളി ഇല്ലങ്ങളിൽനിന്ന് രണ്ട് നമ്പൂതിരിമാർ, മറ്റൊരാൾ പുല്ലൂറ്റ് ആശാൻ എന്ന് പ്രസിദ്ധി നേടിയ ചേന്നാട്ട് കൊച്ചുണ്ണി മേനോൻ ആശാൻ. പഠിച്ചു തുടങ്ങുന്നതിന് മുൻപ് നാല് ശിഷ്യന്മാരെക്കൊണ്ടും ഗുരു ഒരു സത്യം ചെയ്യിപ്പിച്ചു. ചികിത്സയ്ക്കായി ആരിൽനിന്നും പ്രതിഫലം വാങ്ങില്ലെന്ന്. എന്നാൽ, രാജകുമാരനെ അങ്ങനെമാത്രം പ്രതിജ്ഞ ചെയ്യിച്ചാൽ പോര എന്ന് കൊക്കരെ നമ്പൂതിരിക്കു തോന്നി. ആര് വന്ന് എപ്പോൾ ആവശ്യപ്പെട്ടാലും ചികിത്സിച്ചോളാം എന്നാണ് തമ്പുരാനെക്കൊണ്ട് ചെയ്യിച്ച അധികപ്രതിജ്ഞ. അതദ്ദേഹം എക്കാലവും പാലിച്ചിരുന്നുവെന്ന് തൃപ്പൂണിത്തുറയിലെ പഴമക്കാരൊക്കെ വാചാലതയോടെ പറയും. രണ്ട് നേരം മാത്രം ഭക്ഷണം കഴിച്ചിരുന്ന മിടുക്കൻ തമ്പുരാൻ ഒരിക്കൽ ഊണ് കഴിക്കാനിരിക്കെയാണ് ഒരു രോഗി വന്നത്. ഉടനെ എഴുന്നേറ്റ അദ്ദേഹം പിന്നെ അന്ന് ഭക്ഷണം കഴിച്ചില്ലത്രേ.

പൊതുവെ ആരോഗ്യം കുറഞ്ഞ ഒരാളായിരുന്നു മിടുക്കൻ തമ്പുരാൻ. അതുകൊണ്ട് കഞ്ഞിയുൾപ്പെടെ പഥ്യമായ ഭക്ഷണക്രമമായിരുന്നു, അദ്ദേഹത്തിന്റേത്. അന്തർമുഖനും മിതഭാഷിയുമായ തമ്പുരാന്റെ പെരുമാറ്റം പരുക്കനായിത്തന്നെ പലർക്കും തോന്നിയിരുന്നു. പക്ഷേ, രോഗികളോടും വൈദ്യവിഷയങ്ങൾ ചർച്ച ചെയ്യാൻ വരുന്നവരോടും അദ്ദേഹം സ്നേഹപൂർവ്വം പെരുമാറിയിരുന്നു.
പുത്തേഴത്ത് രാമമേനോൻ 'ശക്തൻ തമ്പുരാൻ' എഴുതിത്തീർന്നപ്പോഴേക്കും ആ ദൗത്യം ഏല്പിച്ച മഹാരാജാവ് രാമവർമ്മ കുഞ്ഞുണ്ണിത്തമ്പുരാൻ ദിവംഗതനായിരുന്നു.4 അതുകൊണ്ട് മേനോൻ നേരിട്ടുവന്ന് പുസ്തകം സമർപ്പിച്ചത് മിടുക്കൻ തമ്പുരാന്റെ സമക്ഷത്തിലായിരുന്നു. എന്നാൽ, ഈ സന്ദർഭത്തിൽ തമ്പുരാൻ വാക്കുകൊണ്ടോ മുഖംകൊണ്ടോ ഒന്നും ഉരിയാടാതിരുന്നത് രാമമേനോനെ അങ്ങേയറ്റം നിരാശാഭരിതനാക്കി.

സഫലമായ ഒരു കുടുംബജീവിതമായിരുന്നു, മിടുക്കൻ തമ്പുരാന്റേത്. തൃശൂർ വടക്കേ കരിമ്പറ്റത്തറവാട്ടിലെ ലക്ഷ്മിക്കുട്ടിയായിരുന്നു, അദ്ദേഹത്തിന്റെ നേത്യാരമ്മ. സാമൂഹിക-സാമുദായികരംഗങ്ങളിൽ സജീവമായി പ്രവർത്തിച്ചിരുന്ന ഇവർ ഇംഗ്ലീഷും മലയാളവും നന്നായി കൈകാര്യം ചെയ്തിരുന്നു. അതുകൊണ്ട് പല പരിപാടികൾക്കും സംഘടനകൾ ഇവരെ താല്പര്യപ്പെട്ട് ക്ഷണിച്ചിരുന്നു. തമ്പുരാൻ ചില പരിപാടികൾക്കു പോകാതെ ആ ദൗത്യം നേത്യാരമ്മയെ ഏല്പിച്ചിരുന്നു. എറണാകുളത്തെ വിമൻസ് അസോസിയേഷൻ കേന്ദ്രീകരിച്ച് ഇവർ പല സാംസ്കാരിക പ്രവർത്തനങ്ങളിലും ഏർപ്പെട്ടു. മിടുക്കൻ തമ്പുരാൻ, ഇളയരാജാവായ കാലം (1932) തൊട്ടേ ഇവർ ശ്രദ്ധേയയായി. സ്ത്രീകളുടെ പൊതുസ്വഭാവമായ നേരം കൊല്ലാനുള്ള വർത്തമാനം പറച്ചിലിനോട് നേത്യാരമ്മയ്ക്ക് പുച്ഛമായിരുന്നു. ഹിന്ദി പ്രചാരസഭ, സാഹിത്യപരിഷത്ത് തുടങ്ങിയവയിലും പ്രവർത്തിച്ചിട്ടുണ്ട്. പെൺകുട്ടികളുടെ ഗൈഡ്സ് അസോസിയേഷന്റെ പ്രസിഡന്റ് സ്ഥാനവും

വഹിച്ചിട്ടുണ്ട്. മഹാറാണി ചമഞ്ഞിരിക്കാതെ എല്ലാവരോടും ഇടപഴകുന്ന സമീപനമായിരുന്നു നേത്യാരമ്മയ്ക്ക്. അതുകൊണ്ട് കോവിലകം എപ്പോഴും അതിഥികളെക്കൊണ്ട് സജീവമായിരുന്നു. ഹരികഥാപ്രസംഗം, സംഗീതസദസ്സുകൾ തുടങ്ങിയവയ്ക്ക് സ്ഥിരം വേദിയായി, കൊട്ടാരം. സ്കൂൾ വിദ്യാഭ്യാസത്തിലൂടെയും അല്ലാതെയും തുന്നലും തുണിയിലുള്ള ചിത്രപ്പണികളും അവർ സ്ത്രീകളിലും പെൺകുട്ടികളിലും പ്രചരിപ്പിച്ചു. നേത്യാരമ്മയുടെ താല്പര്യം കണ്ട് അന്നത്തെ രാജാവ് ഈ വിഷയങ്ങൾ സ്കൂൾ സിലബസ്സിൽ ഉൾപ്പെടുത്തുകയുണ്ടായി. ഭർത്താവിൽനിന്നും അത്യാവശ്യം സംസ്കൃതവും വൈദ്യവുമെല്ലാം അവർ പഠിച്ചു. മിടുക്കൻ തമ്പുരാന്റെ ഭരണകാലത്ത് നേത്യാരമ്മയുടെ പ്രേരണയാൽ രാജകുടുംബാംഗങ്ങൾക്ക് സംഗീതവും സുകുമാരകലകളും പഠിക്കാൻ തുടങ്ങിയ സംരംഭമാണ്, പ്രശസ്ത സംഗീതകലാലയമായ ആർ.എൽ.വി. കോളേജ് ആയി മാറിയത്. പിന്നീട് ഗാനഗന്ധർവ്വൻ യേശുദാസ് അടക്കം പലരും ഇവിടെനിന്നും പഠിച്ചിറങ്ങി. എറണാകുളം മഹിളാ അസോസിയേഷൻ പ്രസിദ്ധീകരിച്ച പി.കെ. ലക്ഷ്മിക്കുട്ടി നേത്യാരമ്മയുടെ ഷഷ്ടിപൂർത്തി സോവനീറിൽ മഹാകവി ഉള്ളൂരിന്റേയും ജി. ശങ്കരക്കുറുപ്പിന്റേയും അടക്കം പലരുടേയും ആശംസകളും കുറിപ്പുകളും കാണാൻ കഴിയും. ലാളിത്യമായിരുന്നു മിടുക്കൻ തമ്പുരാന്റെ മുഖമുദ്ര. അധികാരകേന്ദ്രവും രമ്യഹർമ്മ്യവുമായ ഹിൽപ്പാലസിലേക്ക് അദ്ദേഹം പോയതുപോലുമില്ല. സ്വന്തം കോവിലകത്തുതന്നെ താമസിച്ചുകൊണ്ട് അത്യാവശ്യമുള്ള ഫയലുകൾ വരുത്തുകയായിരുന്നു, പതിവ്. ആഢ്യത്വത്തിനനുസരിച്ച് കുറച്ചൊക്കെ ആഡംബരമെല്ലാം ആകാം എന്നായിരുന്നു, നേത്യാരമ്മയുടെ നിലപാട്. ഇത് തമ്പുരാനുമായി ചെറിയ സൗന്ദര്യപ്പിണക്കങ്ങൾക്ക് ഇടവരുത്തി. തിമിരത്തിന്റെ അസുഖമുണ്ടായിരുന്ന തമ്പുരാന് കണ്ണിലൊഴിക്കാൻ എന്നും മുലപ്പാൽ വേണമായിരുന്നു. നിറയെ കോവിലകമുണ്ടായിരുന്നതിനാൽ പ്രസവിച്ച സ്ത്രീകൾ എന്നും എവിടെയെങ്കിലും ഉണ്ടാകും. ഗോകർണം കൊടുത്തുവിടേണ്ട കാര്യമേ ഉള്ളൂ. ഓടുകൊണ്ടുള്ളത് പോരാ. രാജാവിനുള്ളതാകുമ്പോൾ വെള്ളികൊണ്ടുള്ള ഗോകർണം വേണമെന്ന് നേത്യാരമ്മ. വെള്ളി ഗോകർണം ഉപയോഗിച്ച് കുറച്ച് ദിവസമേ ആയുള്ളൂ, അത് കളവ് പോയി. തമ്പുരാൻ ഇതുപറഞ്ഞ് ലക്ഷ്മിക്കുട്ടിയെ കുറ്റപ്പെടുത്തി. താമസിക്കുന്ന കോവിലകത്തെ അറ്റകുറ്റപ്പണികൾക്ക് മാവിൻതടി മതിയെന്ന് തമ്പുരാൻ നിർദ്ദേശിക്കും. "തമ്പുരാൻ അതൊക്കെ പറയും തേക്ക് തന്നെ വേണം, കേട്ടോ" എന്ന് ഓവർസിയർ ഈച്ചരവാരിയരോട് നേത്യാരമ്മയുടെ കല്പന. സാമൂഹികാചാരം സൃഷ്ടിച്ച തൊട്ടുകൂട്ടായ്മകൾ പരിഗണിച്ച് നേത്യാരമ്മയും കുട്ടികളും താഴത്തെ നിലയിലും തമ്പുരാൻ മാളികയിലും ആയിരുന്നു താമസം.

ഒരു പുത്രിയടക്കം അഞ്ചുമക്കളായിരുന്നു, തമ്പുരാനും നേത്യാരമ്മയ്ക്കും. പഠിപ്പും പദവിയുംകൊണ്ട് എല്ലാവരും തന്നെ ഉയർന്ന നിലയിലെത്തി. മൂത്ത പുത്രൻ വി.കെ. കൃഷ്ണമേനോൻ ഇംഗ്ലണ്ടിൽ പോയി നിയമം പഠിച്ചു വന്ന് എറണാകുളത്ത് അഭിഭാഷകവൃത്തിയായിരുന്നു. ഹൈക്കോടതിയിൽ ജഡ്ജിയായി നിയമിതനായെങ്കിലും ഒരു വർഷം കഴിഞ്ഞ് രാജിവെച്ച് പ്രാക്ടീസ് തുടരുകയാണ് ചെയ്തത്. രണ്ടാമത്തെ പുത്രൻ മദിരാശിയിൽ മെഡിക്കൽ കോളേജിൽ പഠിച്ച് എൽ.എം.എസ്. ബിരുദം നേടി. ഡോ. ഗിരിജ വല്ലഭമേനോൻ (1955) എന്ന അദ്ദേഹം പിതാവിൽനിന്നും പഠിച്ച ആയുർവ്വേദമാണ് കൈകാര്യം ചെയ്തത്. കൊച്ചിയിൽ ആയുർവ്വേദ ഡയറക്ടറായി ഇരുന്ന് പിന്നീട് തിരുവനന്തപുരം ഗവൺമെന്റ് ആയുർവ്വേദ കോളേജിന്റെ പ്രിൻസിപ്പലായി. നഗരമധ്യത്തിലുള്ള കോളേജിന്റെ ഇന്ന് കാണുന്ന കെട്ടിടസമുച്ചയം ഡോ. മേനോന്റെ മേൽനോട്ടത്തിലാണ് പണിതത്. അന്നത്തെ മുഖ്യമന്ത്രി സി. കേശവനേയും ആരോഗ്യമന്ത്രി ചന്ദ്രശേഖരൻ പിള്ളയേയും സ്വാധീനിച്ച് ആയുർവ്വേദത്തിന് പല കാര്യങ്ങളും നേടിയെടുത്തു. കേരള സർവ്വകലാശാലയുടെ കീഴിൽ ആയുർവ്വേദത്തിൽ ഡിഗ്രി തുടങ്ങുന്നതിന് പുറകിലും ഡോ. മേനോന്റെ പരിശ്രമങ്ങളുണ്ടായി. ആൾ ഇന്ത്യ ആയുർവ്വേദ കോൺഗ്രസ്സിന്റെ നാൽപ്പതാമത്തെ വാർഷികസമ്മേളനം തിരുവനന്തപുരം ആയുർവ്വേദ കോളേജിൽ കൂടുന്നതിനുള്ള ഉത്സാഹത്തിനിടയിലുണ്ടായ ഡോ. മേനോന്റെ മരണം സഹപ്രവർത്തകരിലുണ്ടാക്കിയ ദു:ഖം കുറച്ചൊന്നുമായിരുന്നില്ല.

വി.കെ. രഘുനന്ദനമേനോൻ (1908-1952) എന്ന മറ്റൊരു പുത്രൻ കോളേജ് വിദ്യാഭ്യാസം കഴിഞ്ഞ് ലണ്ടനിൽ ഐ.സി.എസ്. നേടാൻ പോയെങ്കിലും തിരിച്ചുവന്നത് ഭൗതികശാസ്ത്രത്തിൽ എം.എസ്.സി. ബിരുദം കൊണ്ടായിരുന്നു. 1934-ൽ മഹാരാജാസ് കോളേജിൽ അധ്യാപകനായി ചേർന്നു. പിതാവ് മഹാരാജാവായപ്പോൾ മകൻ സാർവാധികാര്യക്കാരായി നിയമിതനായി. മിടുക്കൻ തമ്പുരാന്റെ നിര്യാണശേഷം പഞ്ചായത്ത് വകുപ്പിന്റെ ഡയറക്ടറായി. 1949-ൽ തിരുവിതാംകൂറും കൊച്ചിയും യോജിച്ചപ്പോൾ തിരു-കൊച്ചിയുടെ ഭക്ഷ്യവിതരണ ഡയറക്ടറായിത്തീർന്നു. ഒരു ബഹുമുഖപ്രതിഭ തന്നെയായിരുന്നു, മേനോൻ- ചരിത്രം, സംഗീതം, ശാസ്ത്രം... ഇദ്ദേഹം കൈവെച്ച മേഖലകൾ നിരവധിയാണ്. ദൗർഭാഗ്യവശാൽ സർവ്വീസിലിരിക്കെ ഔദ്യോഗികമായ യാത്രയ്ക്കിടയിൽ വിമാനാപകടത്തിൽപ്പെട്ട് ദിവംഗതനായി. വിവിധ ഗവേഷണപത്രികകളിൽ പ്രസിദ്ധീകരിച്ച ഇദ്ദേഹത്തിന്റെ ചരിത്രലേഖനങ്ങൾ കണ്ടെടുത്തവ പുത്രിമാർ ചേർന്ന് 2005-ൽ History of Medieval Kerala എന്ന പേരിൽ പ്രസിദ്ധീകരിച്ചു.

വി.കെ. സുകുമാരമേനോൻ എന്ന പുത്രൻ ബിരുദപഠനത്തിനുശേഷം കൊച്ചി പൊലീസിൽ ചേർന്നു. പുത്രി രാധ സംഗീതം പഠിച്ചിരുന്നു. ഈ പുത്രിയുടേയും അമ്മയുടേയും പേരിലാണ് ആർ.എൽ.വി. (രാധാലക്ഷ്മി വിലാസം) കോളേജ്.
വിഷവൈദ്യം പഠിച്ചത് അവനവനിൽത്തന്നെ ഒതുക്കിനിർത്താതെ കുടുംബത്തിൽ താല്പര്യമുള്ളവരേയും മിടുക്കൻ തമ്പുരാൻ പഠിപ്പിച്ചു. സ്വന്തം മരുമകനായ കേരള വർമ്മത്തമ്പുരാൻ (1911-1955), മറ്റൊരു മരുമകനായ കൊച്ചുണ്ണിത്തമ്പുരാൻ (1897-1937) (എഴുത്തുകാരും സാഹിത്യപ്രവർത്തനുമായിരുന്ന കൈരളീവിധേയൻ അപ്പൻ തമ്പുരാന്റെ ജ്യേഷ്ഠൻ) എന്നിവരായിരുന്നു തമ്പുരാന്റെ പ്രധാന ശിഷ്യന്മാർ.

ചികിത്സാജ്ഞാനം സമൂഹത്തിലേക്ക് കൂടുതൽ വ്യാപിപ്പിക്കാനായി വിഷചികിത്സയിൽ കോഴ്സുകൾ നടത്താനും ഇളയരാജാവായിരിക്കെ മിടുക്കൻ തമ്പുരാൻ കൊച്ചി സർക്കാരിനെ പ്രേരിപ്പിച്ചു. മാത്രമല്ല, ഒരു വർഷം നീണ്ടുനിന്ന ഈ കോഴ്സിന് നേരിട്ട് മേൽനോട്ടം വഹിക്കുകയും ചെയ്തു. ഇന്നത്തെ തൃശൂർ ജില്ലാ ആയുർവ്വേദാശുപത്രിയായിരുന്നു പഠനകേന്ദ്രം. അന്ന് സ്ഥാപനത്തിന്റെ പേര് രാമവർമ്മ സെൻട്രൽ ആയുർവ്വേദ ഹോസ്പിറ്റൽ എന്നായിരുന്നു. സാമാന്യ ചികിത്സയ്ക്ക് പുറമേ വിഷചികിത്സയ്ക്ക് ഇരുപത്തിനാലുമണിക്കൂറും പ്രവർത്തിക്കുന്ന പ്രത്യേക വിഭാഗമുണ്ടായിരുന്നു ഈ ആശുപത്രിയിൽ. അത് പഠനത്തിന് സൗകര്യമായി. അന്നത്തെ സർട്ടിഫിക്കറ്റിൽ കോഴ്സ് ഇളയരാജാവിന്റെ മേൽനോട്ടത്തിലാണെന്ന് സൂചിപ്പിച്ചുകാണാം. ഒപ്പിട്ടിരിക്കുന്നത് പുത്രൻ ആയുർവ്വേദ ഡയറക്ടർ ഡോ. ഗിരിജാ വല്ലഭമേനോനും.

കൊച്ചി ഭാഷാ പരിഷ്ക്കരണക്കമ്മിറ്റി5യെക്കൊണ്ട് വിഷചികിത്സാഗ്രന്ഥങ്ങൾ പ്രസിദ്ധീകരിപ്പിക്കുന്നതിലും മിടുക്കൻ തമ്പുരാൻ മുൻകയ്യെടുത്തു. അഷ്ടാംഗഹൃദയത്തിന് പുറമേ ഹരമേഖലം ഉഡ്ഡീശം തുടങ്ങി ആറോളം ഗ്രന്ഥങ്ങളെ ആധാരമാക്കിയാണ് കേരളീയ വിഷചികിത്സ. ഇതിൽ പലതും രഹസ്യമാക്കി വെക്കാനുള്ള പ്രവണതകൊണ്ടോ എന്തോ പണ്ടേ ദുർലഭമായിക്കഴിഞ്ഞിരുന്നു. സംസ്കൃതത്തിലായതുകൊണ്ട് വേണ്ടത്ര പ്രചാരം ലഭിക്കാത്തതും ഒരു പ്രശ്നമായിരുന്നിട്ടുണ്ടാകാം. ലക്ഷണാമൃതം എന്ന വിഷചികിത്സാഗ്രന്ഥം കവിതിലകൻ ഒടുവിൽ ശങ്കരൻകുട്ടി മേനോനെക്കൊണ്ട് മിടുക്കൻ തമ്പുരാൻ മലയാളത്തിലേക്ക് വിവർത്തനം ചെയ്യിച്ചു (1939). മൂലഗ്രന്ഥം തന്ന്, സംശയമുള്ള ഭാഗങ്ങളിൽ വ്യക്തത വരുത്തിയതും തമ്പുരാനാണെന്ന് മേനോൻ അവതാരികയിൽ പറയുന്നു. മാത്രമല്ല, പ്രസിദ്ധീകരിക്കാനുള്ള പണവും തമ്പുരാൻ കൊടുത്തു. ആദ്യശ്ലോകങ്ങളിൽ ഈ കൃതജ്ഞത പ്രകടിപ്പിച്ചും കാണാം.

ശ്രീമാനാം യുവമാടഭൂപതി സദാ
സത്തുക്കളാൽ പൂജിതൻ
സാമാന്യാധികവൈദ്യശാസ്ത്രകുശലൻ
സർവ്വജ്ഞനെൻ തമ്പുരാൻ
ഈ മന്നിൽ സകലർക്കുമൊപ്പമുപകാ-
രാർത്ഥം നിയോഗിക്കയാ-
ലീ മട്ടിൽ കവനങ്ങളാക്കിടുവതി-
ന്നീ ഞാൻ തുടങ്ങുന്നിതാ.

(യുവമാടഭൂപതി = കൊച്ചി ഇളയ രാജാവ്)
ഇന്ത്യയിൽത്തന്നെ പൊതുമേഖലയിലെ ഏറ്റവും വലിയ ആയുർവ്വേദ ഔഷധനിർമ്മാണക്കമ്പനിയാണ് ഔഷധി. ഇതിന്റെ തുടക്കവും (1941) മിടുക്കൻ തമ്പുരാന്റേതുതന്നെ. പിന്നീടെപ്പോഴോ ഇത് സഹകരണസ്ഥാപനമായി മാറി. കുറച്ചുകാലശേഷം വീണ്ടും സർക്കാർ ഉടമസ്ഥതയിലെത്തി. ഇതിന്റെ കൃത്യമായ ഒരു ചരിത്രപശ്ചാത്തലം ലഭ്യമായില്ല.

അഷ്ടാംഗഹൃദയത്തിന്റെ വാക്യപ്രദീപിക എന്ന സംസ്കൃതവ്യാഖ്യാനം പുറത്തിറക്കിയതിൽ (1933) മിടുക്കൻ തമ്പുരാന്റെ ഇംഗ്ലീഷിലുള്ള അവതാരിക കാണാം. തൃക്കോവിൽ അച്യുതവാരിയരും സ്വന്തം ശിഷ്യനാണെന്ന കാര്യം അതിൽ പരാമർശിച്ചിട്ടുണ്ട്. വിഷവൈദ്യപ്രവേശിക എന്ന പേരിൽ ഒരു ലഘുലേഖ തയ്യാറാക്കിയത് പൊതുജനങ്ങൾക്കും സ്കൗട്ട് വിദ്യാർത്ഥികൾക്കുമായി വിതരണം ചെയ്തതും തമ്പുരാന്റെ ഒരു പ്രധാന പ്രവർത്തനമായിരുന്നു. പാമ്പുകടിയേറ്റാൽ ചെയ്യേണ്ട പ്രഥമശുശ്രൂഷയെപ്പറ്റി ബോധവൽക്കരണത്തിന് ഇത് സഹായകമായി.

സർപ്പദംശമെന്നത് ആകസ്മികവും ആശങ്കയുളവാക്കുന്നതുമായ ഒന്നാണ്. ജനങ്ങൾക്ക് ഇക്കാര്യത്തിൽ വേണ്ട മുൻകരുതലുകൾ നൽകിക്കൊണ്ടുള്ള സർക്കാർ വിജ്ഞാപനങ്ങൾ6 പോലും കൊച്ചിയിൽ ഇറക്കിയിരുന്നു. ഈ സന്ദർഭത്തിൽ മനോധൈര്യമുണ്ടാക്കാൻ മന്ത്രങ്ങളും ചികിത്സയോടൊപ്പം ഉപയോഗിച്ചിരുന്നു. എന്നാൽ, മന്ത്രപ്രയോഗങ്ങൾക്ക് പരിമിതികളുണ്ടെന്നും അതുപയോഗിച്ചവർക്ക് അറിയാമായിരുന്നു. കേരളത്തിലെ വിഷചികിത്സയിൽ കാരാട്ടു നമ്പൂതിരിയുടെ ശൈലിയിൽ മന്ത്രങ്ങൾക്കായിരുന്നു പ്രാധാന്യം. മിടുക്കൻ തമ്പുരാന്റെ ഗുരു കൊക്കരെ ഔഷധപ്രയോഗങ്ങൾക്കാണ് ഊന്നൽ കൊടുത്തിരുന്നത്. അല്പസ്വല്പം മന്ത്രങ്ങളും ഉപയോഗിച്ചിരുന്നു. മിടുക്കൻ തമ്പുരാനും ഈ ശൈലിതന്നെ തുടർന്നുപോന്നു. അജ്ഞേയതയും ആകാംക്ഷയും മുറ്റിനിന്ന ഒരു മേഖലയായതുകൊണ്ട് കാര്യങ്ങളെ മുൻകൂട്ടി ഊഹിക്കാൻ ശകുനങ്ങളെ ഉപയോഗിച്ചിരുന്നു. വിഷചികിത്സാഗ്രന്ഥങ്ങളിലും ഇത് വിവരിച്ചുകാണാം. ഇപ്പോഴത്തെ ചിന്താഗതിക്ക് അവിശ്വസനീയമായി തോന്നാവുന്നതാണ്, ഇക്കാര്യം. എന്നാൽ, ധാരാളം കേട്ടുകേൾവി ശകുനത്തെ സാധൂകരിക്കുന്നതായിട്ടുണ്ട്. തമ്പുരാൻ ശകുനങ്ങളെ ആശ്രയിച്ച് ഇന്ന് രാത്രി എത്ര വിഷം ബാധിച്ചവർ വരുമെന്നും എത്രപേർ സുഖപ്പെട്ടുപോകുമെന്നും മുൻകൂട്ടി പറഞ്ഞിരുന്നുവത്രേ "പടിവാതിൽ അടക്കേണ്ട. ഇനി ഒന്നുകൂടി വരും." ഒരിക്കൽ "വേറിട്ട് ഒരെണ്ണം വരും." എന്നദ്ദേഹം പറഞ്ഞപ്പോൾ കുറച്ചുകഴിഞ്ഞ് വന്നത് ശരീരവും ആത്മാവും വേറിട്ട (മരണം സംഭവിച്ചു കഴിഞ്ഞ) ഒരു വിഷബാധിതനത്രേ.
തൃപ്പൂണിത്തുറ കിഴക്കേക്കോട്ട വാതിൽക്കലുള്ള

ആയുർവ്വേദാശുപത്രി അന്നത്തെ ഇളയരാജാവിന്റെ (മിടുക്കൻ തമ്പുരാന്റെ) താല്പര്യത്തിൽ കൊച്ചിസർക്കാർ തുടങ്ങിയതാണ്. 1940-കളിലാകണം സ്ഥാപിതമായത്. വിഷചികിത്സയ്ക്കു വേണ്ടിയുള്ള കേന്ദ്രമായിരുന്നു അത്. മരുന്നുപുര കൂടാതെ ജലധാരയും മറ്റും ചെയ്യാൻ സൗകര്യപ്രദമായ രീതിയിൽ

പ്രത്യേകമായൊരു കിണർ എന്നിവയുമുണ്ടായിരുന്നു. വിഷചികിത്സയ്ക്ക് ആവശ്യമായ ഔഷധസസ്യങ്ങളും നട്ടുവളർത്തിയിരുന്നു. പിന്നീട് നാട്ടുചികിത്സാവകുപ്പിന്റെ കീഴിലായ ആശുപത്രി 1965-ൽ ഗവൺമെന്റ് ആയുർവ്വേദ കോളേജിനു കൈമാറി. ചികിത്സയ്ക്കുള്ള സൗകര്യം നിലനിർത്തിക്കൊണ്ടേ സ്ഥലം മറ്റെന്തിനും വിനിയോഗിക്കാവൂ എന്ന് രാജാവിന്റെ നിർദ്ദേശങ്ങളുള്ളതായി കേൾക്കുന്നുണ്ട്. ഇന്നവിടെ കേരള ആരോഗ്യസർവ്വകലാശാലയുടെ ആയുർവ്വേദ ഗവേഷണകേന്ദ്രം ഉയർന്നുവരുന്നു. വിഷചികിത്സയ്ക്കുവേണ്ടി അന്നു നട്ട അങ്കോലങ്ങൾ ഇന്നവിടെ വൃക്ഷങ്ങളായി നിൽക്കുന്നത് കാണാം.

തമ്പുരാന്റെ ചികിത്സാരീതികളിൽ ചിലത്, നേരത്തെ സൂചിപ്പിച്ച പുത്രൻ രഘുനന്ദനമേനോന്റെ പുസ്തകത്തിൽ ഉദ്ധരിച്ചു കാണുന്നു. പുസ്തകത്തിലെ പതിനെട്ടാമധ്യായം 'Poisonous Snakes of Malabar' സ്കൗട്ട് വിദ്യാർത്ഥികൾക്കായി എഴുതിയതാണ്. പാമ്പുകളുടെ ജന്തുശാസ്ത്രപരമായ വിവരണങ്ങൾക്കൊപ്പം വിഷചികിത്സയിൽ ആയുർവ്വേദത്തിന്റേയും അലോപ്പതിയുടേയും സമീപനങ്ങളെ താരതമ്യപ്പെടുത്തുന്നുമുണ്ട്. ശമനത്തെ ലക്ഷ്യമാക്കിയുള്ള മരുന്നുകൾക്കു പുറമേ ബന്ധപ്പെട്ട ലക്ഷണങ്ങൾക്കുള്ള ചികിത്സകളും മേനോൻ എടുത്ത് ഉദാഹരിക്കുന്നു. ഈ പ്രയോഗങ്ങൾ ഇളയരാജാവിന്റേതാണെന്നും സൂചിപ്പിച്ചിട്ടുണ്ട്.

മറ്റു രാജാക്കൻമാരെ അപേക്ഷിച്ച് പല കാര്യങ്ങളിലും ഉദാസീനനായിരുന്നു, മിടുക്കൻ തമ്പുരാൻ. പൂർണ്ണത്രയീശ ക്ഷേത്രത്തിൽ വല്ലപ്പോഴും മാത്രമാണ് ദർശനം നടത്തിയിരുന്നത്. ഉത്സവത്തിനും അങ്ങനെ തന്നെ. 'തിരുമുമ്പിൽ' 7മേളത്തിനും അദ്ദേഹം എഴുന്നള്ളിയിരുന്നില്ല. താടി വടിക്കൽ കൊല്ലത്തിൽ ഒന്നോ രണ്ടോ തവണ മാത്രം. കൊച്ചി അഞ്ചലിന്റെ സ്റ്റാമ്പിനും മുദ്രപത്രത്തിനും വേണ്ടി ഫോട്ടോ എടുക്കാൻ ചെറിയാൻ എന്ന ഫോട്ടോഗ്രാഫർ താടി വടിക്കുന്ന കാര്യം വിനീതനായി ഓർമ്മിപ്പിച്ചു. തമ്പുരാൻ കുറച്ചൊന്നു ക്ഷുഭിതനായി. അങ്ങനെ കൊച്ചിയുടെ മുദ്രപത്രത്തിലും സ്റ്റാമ്പിലും വന്ന താടിവെച്ച ഏക രാജാവായിത്തീർന്നു മിടുക്കൻ തമ്പുരാൻ.
ബന്ധങ്ങളിൽ ആർദ്രത പുലർത്തിയിരുന്ന ഒരു മനുഷ്യൻ കൂടിയായിരുന്നു മിടുക്കൻ തമ്പുരാൻ. മഹാരാജാവായാൽ മറ്റുള്ളവരോട് ഇടപഴകുന്നതിൽ നിയന്ത്രണം വരുമല്ലോ. മക്കൾ ഓടിവന്ന് തൊട്ടാലും അശുദ്ധമായി. ഇങ്ങനെയൊന്നുണ്ടായാൽ അത് മറച്ചുവെയ്ക്കാനാണ് അദ്ദേഹം ശ്രമിക്കാറ്. സ്വന്തം അച്ഛൻ 'മുഖം കാണിക്കാൻ' വരുന്ന ദിവസം തമ്പുരാൻ പ്രതീക്ഷയോടെ കാത്തിരിക്കാറുണ്ടത്രേ. ഏറെക്കുറേ ഒരേസമയത്താണ് തമ്പുരാനും നേത്യാരമ്മയും രോഗശയ്യയിലായത്. ആദ്യം ദിവംഗതനായത് രാജാവ് തന്നെ (1943-ൽ ഒക്ടോബർ 23). നേത്യാമ്മയെ വിവരം അറിയിച്ചില്ല. അഞ്ചാം ദിവസം അവരും ഭർത്താവിനെ അനുഗമിച്ചു.
ഇളയരാജാവ് എന്ന സ്ഥാനം അനൗദ്യോഗികമായ ഒന്നാണെങ്കിലും മിടുക്കൻ തമ്പുരാൻ ആ പദവി വളരെ സാർത്ഥകമായി വിനിയോഗിച്ചു. ആയുർവ്വേദത്തിന്റേയും വിഷചികിത്സയുടേയും പ്രോത്സാഹനത്തിന് ആവുന്നതെല്ലാം ഈ ഘട്ടത്തിലും തുടർന്നും ചെയ്തു. ദുരിതത്തിന്റെ കാലത്ത് കഷ്ടപ്പാട് ജനങ്ങളോടൊപ്പം പങ്കിട്ടു. ലളിതജീവിതവും സേവനതല്പരതയും ആ വ്യക്തിത്വത്തെ ജനഹൃദയങ്ങളിൽ പ്രതിഷ്ഠിച്ചു.

കുറിപ്പുകളും കടപ്പാടും
1. ബുദ്ധദാസരാജാവ് എ.ഡി. 341-370 കാലത്ത് അനുരാധപുര കേന്ദ്രമാക്കി ശ്രീലങ്ക ഭരിച്ചു. ഇദ്ദേഹത്തിന്റെ ചികിത്സാമികവും ഭൂതദയയും സംബന്ധിച്ച് ധാരാളം കഥകളുണ്ട്. ഒരിക്കൽ ആനപ്പുറത്ത് പോകവെ, രോഗബാധിതനായ ഒരു പാമ്പിനെക്കണ്ട് രാജാവ് താഴെയിറങ്ങി. പരിശോധിച്ചപ്പോൾ ഉദരത്തിലാണ് രോഗം. ശസ്ത്രക്രിയ വേണ്ടിവരും. അതിനിടെ പാമ്പ് കടിച്ചാലോ? ആ ജന്തു സ്വയം നിശ്ചയിച്ചതനുസരിച്ച് തല ഒരു ഉറുമ്പിൻക്കൂട്ടിലിട്ട് കിടന്നു. ശസ്ത്രക്രിയകൊണ്ട് രോഗം സുഖമായി.
2. 1935-1941 കാലത്ത് കൊച്ചി ദിവാനായിരുന്ന ഷൺമുഖം ചെട്ടി (1892-1953) പിന്നീട് സ്വതന്ത്ര ഇന്ത്യയുടെ ആദ്യത്തെ ധനകാര്യമന്ത്രിയായി. ബ്രിട്ടീഷനുകൂലിയായിട്ടുകൂടി എതിർപ്പുകളെ അവഗണിച്ച് ജവഹർലാൽ നെഹ്റു ഇദ്ദേഹത്തെ മന്ത്രിസഭയിലെടുത്തു. ആദ്യ ബജറ്റ് അവതരിപ്പിച്ച ശേഷമാണ്, കോയമ്പത്തൂരിലെ ചില മില്ലുടമകൾക്ക് ചെയ്തുകൊടുത്ത സൗജന്യങ്ങളുടെ പേരിൽ രാജിവെയ്ക്കേണ്ടിവന്നത്. തുടർന്നാണ് മലയാളിയായ റെയിൽവേമന്ത്രി ജോൺ മത്തായി (1866 - 1959) ധനകാര്യമന്ത്രിയാകുന്നത്.
3. സ്വാതന്ത്ര്യാനന്തരം ഇന്ത്യൻ നേവി ഈ ബങ്കറുകൾ പൊളിച്ചുമാറ്റാൻ ശ്രമിച്ചു. അത് ദുഷ്കരമെന്ന് ബോധ്യപ്പെട്ടതോടെയാണ് ഒരു മ്യൂസിയമാക്കാൻ തീരുമാനിച്ചത്. ഇതാണ് കൊച്ചിയിലുള്ള ഇന്ത്യൻ നേവൽ മാരിടൈം മ്യൂസിയം.
4. പുത്തേഴത്ത് രാമൻ മേനോൻ (1891 - 1973) കൊച്ചി രാജ്യത്ത് ഉയർന്ന ഉദ്യോഗങ്ങൾ വഹിച്ചിരുന്ന മേനോൻ, ജില്ല, ഹൈക്കോടതി ജഡ്ജിയുമായിരുന്നിട്ടുണ്ട്. ചരിത്രവും സാഹിത്യവുമായി ബന്ധപ്പെട്ട കൃതികൾക്ക് പുറമെ ടാഗോറിന്റെ കൃതികൾ വിവർത്തനവും എഴുതിയിട്ടുണ്ട്. കേരള സാഹിത്യ അക്കാദമി പ്രസിഡന്റുമായിരുന്നിട്ടുണ്ട്.
5. കൊച്ചി ഭാഷാപരിഷ്കരണക്കമ്മിറ്റി 1913-ൽ മലയാള ഭാഷയുടെ ഉന്നമനത്തിനായി സ്ഥാപിതമായി. പുസ്തകപ്രസിദ്ധീകരണം, നല്ല ഗ്രന്ഥങ്ങൾക്ക് പുരസ്കാരങ്ങൾ നൽകുക തുടങ്ങിയവയായിരുന്നു, പ്രധാന പ്രവർത്തനങ്ങൾ. ഉള്ളൂർ, അപ്പൻ തമ്പുരാൻ, മഹാകവി ജി. എന്നിവരൊക്കെ ഇതിൽ പ്രവർത്തിച്ചിട്ടുണ്ട്. ക്ലാസ്സിക് കൃതികൾ പണ്ഡിതന്മാരെക്കൊണ്ട് എഡിറ്റ് ചെയ്തു പ്രസിദ്ധീകരിച്ചിരുന്നു. 1940 വരെ കമ്മിറ്റി നിലനിന്നു. സാഹിത്യ അക്കാദമി രൂപീകരിച്ചപ്പോൾ അതിൽ ലയിച്ചു.
6. 1048 തുലാം 16 (1873) കൊച്ചി ഗസറ്റിൽ 'പാമ്പുകടിച്ചാൽ ചികിത്സിക്കേണ്ടുന്ന ക്രമങ്ങളുടെ ചുരുക്കം' നൽകിയിട്ടുണ്ട്. ഇത് പൊലീസ് സ്റ്റേഷനുകളിൽ പ്രദർശിപ്പിക്കണം എന്നും നിർദ്ദേശമുണ്ട്.
7. തൃപ്പൂണിത്തുറ പൂർണത്രയീശക്ഷേത്രത്തിലെ ഉത്സവമേളം നേരിട്ട് ആസ്വദിക്കാൻ

രാജകുടുംബാംഗങ്ങൾക്ക് വന്നിരിക്കാൻ അമ്പലത്തിന്റെ നാലമ്പലത്തിൽ ഒരു മട്ടുപ്പാവുണ്ട്. ഇതിൽ രാജാവിരിക്കുന്ന ഭാഗത്തെത്തുമ്പോൾ മേളക്കാർ ഏറ്റവും ശ്രദ്ധാപൂർവ്വം കൊട്ടിയിരുന്നു. ഇതാണ് 'തിരുമുമ്പിൽ മേളം' അവിടെ വെച്ച് പഞ്ചാരിമേളം അഞ്ചാം കൊട്ടിത്തീർത്ത് പിന്നെ അടന്തയും കൊട്ടി, ചെമ്പടയോടെ നടപ്പുരയിലെത്തുന്നു.

വാമൊഴികൾ:
ശ്രീമതി ഉഷാ വർമ്മ (മിടുക്കൻ തമ്പുരാന്റെ മൂത്ത പുത്രൻ കെ.വി.കെ. മേനോന്റെ പുത്രി), ഡോ. കൊച്ചവർമ്മ (കൊച്ചി രാജകുടുംബാംഗം, കൊച്ചി റോയൽ ഹിസ്റ്റോറിക്കൽ സൊസൈറ്റിയുടെ മുഖ്യ സംഘാടകൻ), അമ്മിണി രാമചന്ദ്രൻ (മിടുക്കൻ തമ്പുരാന്റെ മൂന്നാമത്തെ പുത്രൻ  കെ.വി.ആർ. മേനോന്റെ പുത്രി), രവി അച്ചൻ (മന്ത്രികുടുംബാംഗമായ പാലിയത്തെ കൊച്ചുകുട്ടി കുഞ്ഞമ്മയുടേയും രാജകുടുംബാംഗമായ രാമവർമ്മ കുഞ്ഞിക്കുട്ടൻ തമ്പുരാന്റേയും പുത്രൻ; തൃപ്പൂണിത്തുറപ്പഴമയുടെ വക്താവ്), ഇളമന ഹരി (1922 - 2015) (ഒടുവിലത്തെ കൊച്ചിരാജാവായ പരീക്ഷത്ത് തമ്പുരാന്റെ കാലത്ത് ഹിൽപ്പാലസ് സൂപ്രണ്ടായിരുന്നു. കേരള സംസ്ഥാനം രൂപപ്പെട്ടപ്പോൾ കണയന്നൂർ താലൂക്ക് തഹസീൽദാറായി. തൃപ്പൂണിത്തുറയുടെ വികാസപരിണാമങ്ങൾക്ക് സാക്ഷ്യം വഹിച്ച വ്യക്തി.) രാമകുമാരൻ തമ്പുരാൻ (റിട്ട. പ്രൊഫസർ) പാലസ്: 16, തൃപ്പൂണിത്തുറ, ഡോ. കെ.വി. വാസുദേവൻ (റിട്ട. പ്രൊഫസർ) കാഞ്ഞാട്ട് മന, ചാലക്കുടി